# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 15**

---

## ദക്ഷിണ മേഖലാ കലോത്സവ ജേതാക്കളായ എം.ജി. സർവകലാശാലാ ടീമിന് സ്വീകരണം നൽകി

ദക്ഷിണ മേഖലാ അന്തർസർവകലാശാലാ കലോത്സവത്തിൽ കിരീടം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലാ ടീമിന് സർവകലാശാലയിൽ സ്വീകരണം നൽകി. വൈസ് ചാൻസലർ ഡോ.സി.ടി അരവിന്ദകുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. നാൽപ്പതാം വാർഷികാഘോഷവേളയിൽ സർവകലാശാലയ്ക്കു കിട്ടിയ സമ്മാനമാണ് കലോത്സവത്തിലെ നേട്ടമെന്ന് അദ്ദേഹം പറഞ്ഞു.

രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, ഡി.എസ്.എസ് ഡയറക്ടർ ഡോ. ഏബ്രഹാം കെ. സാമുവൽ, സർവകലാശാലാ യൂണിയൻ ചെയർപേഴ്സൺ രാഹുൽമോൻ രാജൻ, ഡോ. ആന്റണി ജോസഫ്, സുജിൻ രാജ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/49/2024)

## പോളിമെർ ടെക്നോളജി രാജ്യാന്തര സമ്മേളനം സമാപിച്ചു

പരിസ്ഥിതിക്ക് വെല്ലുവിളി സൃഷ്ടിക്കാത്ത ഗവേഷണങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന പോളിമെർ ടെക്നോളജി രാജ്യാന്തര സമ്മേളനം വിലയിരുത്തി. ഗ്രീൻ കെമിസ്ട്രി, ബയോ ബേസ്ഡ് പോളിമെറുകൾ, പുനചംക്രമണ സാങ്കേതികവിദ്യ തുടങ്ങിയവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനാകണമെന്ന് സമ്മേളനത്തിൽ പങ്കെടുത്തവർ നിർദേശിച്ചു.

പോളിമെർ കെമിസ്ട്രി, മെറ്റീരിയൽ സയൻസ്, നാനോ ടെക്നോളജി തുടങ്ങിയവയിലെ ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങളെക്കുറിച്ചും അറിവുകളെക്കുറിച്ചും വിശദമായ ചർച്ചകളും പ്രഭാഷണങ്ങളും സമ്മേളനത്തിന്റെ ഭാഗമായി നടന്നു.

മാക്രോമോളിക്കുലാർ ഗവേഷണഫലങ്ങൾ മെഡിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് വഴിതുറന്നതായി ഗവേഷകർ വിലയിരുത്തി. അസ്ഥി ചികിത്സയിൽ നാനോ മെഡിസിനുകൾ സൃഷ്ടിച്ച മാറ്റങ്ങളെക്കുറിച്ച് അമേരിക്കയിലെ മിസോറി സർവകലാശാലയിലെ പ്രഫ. രാജീവ് മോഹൻ വിശദീകരിച്ചു.

യുവ ശാസ്ത്രജ്ഞർക്കും വിദ്യാർഥികൾക്കും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നതിനും സമ്മേളനം അവസരമൊരുക്കി. സർവകലാശാലയിലെ ഇൻറർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ഐഐയുസിഎൻഎൻ) സംഘടിപ്പിച്ച സമ്മേളനത്തിൽ ഡയറക്ടർ പ്രഫ. സാബു തോമസ് സമാപന പ്രഭാഷണം നടത്തി.

(പി.ആർ.ഒ/39/50/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഫെബ്രുവരി ആറിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ദ്വിവത്സര കോഴ്സ്) പരീക്ഷകൾക്ക് ജനുവരി 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫൈനോടു കൂടി ജനുവരി 23നും സൂപ്പർ ഫൈനോടു കൂടി ജനുവരി 24നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/51/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസസ്സിംഗ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെ(ജനുവരി 17) കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

കഴിഞ്ഞ ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രഫി ആൻറ് ഡിജിറ്റൽ എഡിറ്റിംഗ്(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ജനുവരി 17) ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ജിയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/52/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ്(റഗുലർ, സപ്ലിമെൻററി, ഇംപ്രൂവ്മെൻറ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 27 വരെ ഓൺലൈനിൽ സമർപ്പിക്കാം.

............................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 27 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..............................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഓപ്പറേഷൻസ് റിസർച്ച് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2022 അഡ്മിഷൻ റഗുലർ - ജൂലൈ 2023), എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 27 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..................................

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടി.ടി.എം(ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഫാക്കൽറ്റി, 2021-23 ബാച്ച്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/53/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**